സംവാദം

ഖാലിദ് മൂസാ നദ്‌വി

# ഇസ്‌ലാമിക ബഹുസ്വരത

**മുസ്‌ലിം** സമൂഹം ദൈവനിയുക്തമാണ്. 'ഉമ്മത്തുൻ വസത്' എന്ന വിശേഷണത്തോടുകൂടിയാണ് ഖുർആൻ സമുദായത്തിന്റെ രൂപീകരണപ്രഖ്യാപനം നടത്തിയിരിക്കുന്നത് (*അൽബഖറ* 143).

മുസ്‌ലിംകൾക്കിടയിൽ രൂപപ്പെടേണ്ട പരസ്പരബഹുമാനവും മാനസിക ഐക്യവും ഇസ്‌ലാമിന്റെ പ്രധാന പരിഗണനയാണ്. ഇതോടൊപ്പം തന്നെ ഭിന്ന നിലപാടുകൾ അംഗീകരിച്ചുകൊണ്ടുള്ള അടിസ്ഥാന ഐക്യം എന്ന സർഗാത്മക സമീപനവും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. എല്ലാറ്റിലും ഒരേ നിലപാട് സ്വീകരിച്ചാലേ ഐക്യവും ഭദ്രതയും സാക്ഷാത്കരിക്കപ്പെടുകയുള്ളൂവെന്ന് ഇസ്‌ലാം കരുതുന്നില്ല.

നബി(സ)യുടെ കാലത്ത് തന്നെ ഭിന്നനിലപാടുകൾക്ക് അംഗീകാരം നൽകപ്പെട്ടിരുന്നു. ഭിന്നനിലപാടുകൾ വ്യക്തമാക്കാനുള്ള അവസരവും ലഭിച്ചിരുന്നു. "ബദ്റിലെ ബന്ധനസ്ഥരെ നഷ്ടപരിഹാരം സ്വീകരിച്ച് വിട്ടയക്കുക" എന്ന നിലപാടിനോട് ഉമർ (റ) വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. മുനാഫിഖുകൾക്ക് വേണ്ടി മയ്യിത്ത് നമസ്കരിക്കണമെന്ന നിലപാടിനോടും അദ്ദേഹം വിയോജിച്ചു. ഇത്തരം വിയോജിപ്പുകൾ നബിയും ഉമറും തമ്മിൽ യാതൊരു അനൈക്യവും ക്ഷണിച്ചുവരുത്തിയില്ല.

ബനൂഖുറൈളയിലേക്ക് നിശ്ചയിക്കപ്പെട്ട പ്രതിനിധി സംഘത്തിന് നബി(സ) നൽകിയ നിർദേശം സ്വഹാബികൾക്കിടയിൽ ഭിന്നനിലപാട് എടുക്കുന്നതിന് പ്രേരകമായത് ഒരു ചരിത്രയാഥാർഥ്യമാണ്. "ബനൂഖുറൈളയിൽ എത്തുന്നതിനു മുമ്പ് അസ്വർ നമസ്കരിക്കരുത്" എന്ന നിർദേശത്തെ സ്വഹാബികൾ രണ്ടായി വ്യാഖ്യാനിച്ചു. ഒരുവിഭാഗം മനസ്സിലാക്കിയത്, കഴിയുന്നത്ര വേഗത്തിൽ ബനൂഖുറൈളയിലെത്തണം, സാധിക്കുമെങ്കിൽ അസ്വർ നമസ്കാരത്തിന് മുമ്പായി അവിടെ എത്തിച്ചേരണമെന്നാണ്. അതുകൊണ്ട് വഴിയിൽവെച്ച് സമയമായപ്പോൾ അവർ അസ്വർ നമസ്കരിച്ചു. മറ്റേസംഘം അസ്വർ സമയം തെറ്റിയാലും സാരമില്ല, നബിയുടെ കൽപന അക്ഷരാർഥത്തിൽ ശിരസാവഹിക്കലാണ് പ്രധാനം എന്ന് മനസ്സിലാക്കി അസ്വർ നമസ്കരിക്കാതെ യാത്ര തുടർന്നു. ബനൂഖുറൈളയിൽ എത്തിയശേഷം നമസ്കരിച്ചു. നബി(സ) രണ്ടുനിലപാടിനെയും ഉൾക്കൊണ്ടു. ഭിന്നസ്വരമുള്ള ഏകസമൂഹമാകാൻ ഇസ്‌ലാമിനുള്ള പ്രാപ്തിയാണ് ഈ നിലപാടുകളിൽ തെളിയുന്നത്.

പല കാരണങ്ങളാൽ ഭിന്നസ്വരങ്ങൾ രൂപപ്പെടാവുന്നതാണ്. ഭാഷാപരമായ ഭിന്ന

**ഒറ്റക്ക് ദിക്ർ ചൊല്ലാൻ ഇഷ്ടപ്പെടുന്നവർ അങ്ങനെ ചൊല്ലട്ടെ. പക്ഷേ, കൂട്ട ദിക്റുകളെയും കൂട്ടായ പ്രാർഥനകളെയും ദീനിന്റെ മറ്റൊരാവിഷ്കാരമായി നോക്കിക്കാണാൻ അവൻ പഠിക്കണം. റബീഉൽ അവ്വലിന് ഒരു പ്രത്യേകതയും ഇല്ലെന്ന സലഫീവീക്ഷണം ഒരാൾക്കാവാം. അതേസമയം അതിന്റെ ചരിത്രപ്രാധാന്യം ഉയർത്തിപ്പിടിക്കുന്നവർ അവമതിക്കപ്പെടാതിരിക്കട്ടെ. പ്രവാചക സ്നേഹത്തിന്റെ ബഹുവിധ ആവിഷ്കാരങ്ങളിൽ ഒന്നായി നബിദിനാഘോഷത്തെ നോക്കിക്കാണാൻ സലഫീ വീക്ഷണക്കാർക്കും കഴിയുമ്പോഴേ ബഹുസ്വരത സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.**

ത, പാരായണഭേദം, വ്യാഖ്യാതാവിന്റെ പ്രകൃതം, വ്യക്തിനിഷ്ഠമായ പരിഗണനകളിലെ വൈവിധ്യം ഇതൊക്കെ ഇസ്ലാമിന് ഭിന്ന ആവിഷ്കാരങ്ങൾ രചിക്കുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നു. ഈ ഭിന്ന ആവിഷ്കാരങ്ങളെ ഏകസമൂഹത്തിന്റെ ഭാഗമായി ഉൾക്കൊള്ളാൻ കഴിയുക എന്നതാണ് പ്രധാനം.

"എന്റെ ഉമ്മത്തിലെ ഭിന്ന നിലപാടുകൾ അനുഗ്രഹമാണ്" എന്ന നബിവചനം ഇമാം സുയൂത്വി *ജാമിഉസ്സഗീറിൽ* ഉദ്ധരിച്ചിട്ടുണ്ട്. ഏക അടിത്തറയിൽ തന്നെ വൈവിധ്യനിലപാടുകൾ എടുത്ത് സൗന്ദര്യവത്തായിത്തീരുന്ന ഒരു സർഗാത്മക സമീപനത്തെ നബി(സ) അംഗീകരിച്ചു എന്നാണ് നമുക്ക് മനസ്സിലാവുന്നത്.

ഈ വിഷയത്തിൽ ഒന്നാം നൂറ്റാണ്ടിന്റെ പരിഷ്കർത്താവ് ഉമറുബ്നു അബ്ദിൽ അസീസിന്റെ നിരീക്ഷണം ഇങ്ങനെ വായിക്കാം: "റസൂലിന്റെ സ്വഹാബികൾക്ക് വീക്ഷണ വ്യത്യാസമുണ്ടായിരുന്നുവെന്നത് എന്നെ സന്തോഷിപ്പിക്കുന്നു. അവർക്കിടയിൽ വീക്ഷണവ്യത്യാസമുണ്ടായിരുന്നില്ലെങ്കിൽ നമുക്ക് ഇളവുകൾ ലഭിക്കാതെപോയേനേ" (ബൈഹഖി). പാണ്ഡിത്യത്തിലും ചിന്തയിലും വിഭിന്ന നിലവാരമുണ്ടായിരുന്ന സ്വഹാബികൾ ഭിന്നവീക്ഷണം പുലർത്തി ഒറ്റ ഉമ്മത്തിന്റെ ഭാഗമായി നിലകൊണ്ടത് മുസ്ലിം ബഹുസ്വരതക്ക് ഉജ്വലമായ രേഖയാണ്. 31 വിഷയത്തിൽ മറ്റു സ്വഹാബികളുമായുള്ള ഭിന്നാഭിപ്രായം ആഇശ (റ) രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇബ്നുഉമറും ഇബ്നു അബ്ബാസും നിരവധി വിഷയങ്ങളിൽ ഭിന്നാഭിപ്രായം പുലർത്തിയത് ആധികാരിക ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടപ്പുണ്ട്.

ഖുർആൻ പാരായണത്തിലെ ഭിന്നതപോലും ഏകീകരിച്ച് ഒറ്റ നിലപാടാക്കിയിട്ട് വേണം ഐക്യം സ്ഥാപിക്കാൻ എന്ന് നബി കരുതിയില്ല. മറിച്ച്, പാരായണഭേദം പരസ്പരം ഉൾക്കൊള്ളുന്ന മനസ്സ് വളർത്താനാണ് അദ്ദേഹം ശ്രദ്ധിച്ചത്. ഇബ്നു മസ്ഊദിന്റെ നിവേദനം: "ഒരാൾ ഖുർആൻ പാരായണം ചെയ്യുന്നത് ഞാൻ കേട്ടു. അതിൽ ഭിന്നമായിട്ടാണ് പ്രവാചകന്റെ പാരായണം ഞാൻ കേട്ടിരുന്നത്. വിവരം നബിയോടു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് നീരസം പ്രകടമായി. അദ്ദേഹം പറഞ്ഞു: നിങ്ങൾ രണ്ടാളുടേതും ശരിയാണ്. ഭിന്നിക്കരുത്. നിങ്ങൾക്കു മുമ്പുള്ളവർ ഭിന്നിക്കുകയും നശിച്ചുപോവുകയും ചെയ്തിട്ടുണ്ട്." (ബുഖാരി)

'രണ്ടും ശരിയാണ്, ഭിന്നിക്കരുത്' എന്ന പ്രസ്താവന ബഹുസ്വരതയെ അംഗീകരിക്കുന്ന പ്രാമാണിക രേഖയാണ്. മുസ്ലിം സംഘടനാസമീപനം, ഭിന്നനിലപാടുകൾ തന്നെ ഭിന്നിപ്പിന്റെ അടിസ്ഥാനമാകുന്നു എന്നുവരുമ്പോഴാണ് ഈ പ്രസ്താവന ചിന്താർഹമാവുന്നത്. ഭിന്ന നിലപാടുകൾ എന്നത് ഇസ്ലാമിന്റെ തനത് സ്വഭാവമാണ്. ഭിന്ന നിലപാടുകളെ ചൂണ്ടി ഒന്നിനെ ഇസ്ലാം എന്നും മറ്റേതിനെ ജാഹിലിയ്യത്ത് എന്നും പറയുന്നിടത്തും, പരസ്പരം നിലപാടു സാധൂകരണത്തിന് യുദ്ധം പ്രഖ്യാപിക്കുന്നിടത്തുമാണ് 'ഭിന്നത' രൂപം കൊള്ളുന്നത്. ഭിന്ന നിലപാടുകളിൽ ജീവിക്കുന്ന ഏക സമുദായം എന്ന ആശയം ഉൾക്കൊള്ളാൻ കഴിഞ്ഞാൽ ഭിന്ന സംഘടനകളെയും നമുക്ക് ഉൾക്കൊള്ളാൻ കഴിയും. ഒരുപാടു 'ജമാഅത്തു'കളുള്ള അൽ ജമാഅത്ത് എന്നതാണ് പുതിയ കാലത്തെ ബഹുസ്വര സമീപനത്തിലൂടെ നാം ലക്ഷ്യമാക്കേണ്ടത്.

യൂസുഫ്ബ്നു മാഹികിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്നു: ഞാൻ ആഇശയുടെ അടുത്ത് ഇരിക്കുകയായിരുന്നു. ഒരു ഇറാഖുകാരൻ വന്നുചോദിച്ചു: "കഫൻ പുടവ ഏതാണു നല്ലത്?" ആഇശ പറഞ്ഞു: ''ഏതായാലെന്താ?'' അയാൾ വീണ്ടും ചോദിച്ചു: ''നിങ്ങളുടെ മുസ്ഹഫ് എനിക്ക് കാണിച്ചുതരൂ'' ആഇശ ഇങ്ങനെ പ്രതികരിച്ചു: "നിങ്ങൾ ഓതിക്കൊണ്ടിരിക്കുന്ന മുസ്ഹഫിന് എന്താണ് കുഴപ്പം?"

കക്ഷി ചേരാതിരിക്കുക എന്നതായിരുന്നു ഇവിടെ ആഇശ സ്വീകരിച്ച നിലപാട്. വെള്ളത്തുണി വേണമെന്ന നിലപാടിൽ കാർക്കശ്യമുള്ളവരും ഇല്ലാത്തവരും അന്നുണ്ടായിരുന്നു. ഉസ്മാനീ ക്രമത്തിൽ ക്രമീകരിച്ച മുസ്ഹഫും ഇബ്നു മസ്ഊദിന്റെ പാരായണക്രമം സ്വീകരിച്ച മുസ്ഹഫും അന്നുണ്ടായിരുന്നു. ഇതിൽ ഏതെങ്കിലും ഒന്നു മാത്രമാണ് 'ഇസ്ലാം' എന്ന നിലപാട് സ്വീകരിക്കാൻ ഭാവി മുസ്ലിംകൾക്ക് ഇടവരരുത് എന്നതായിരുന്നു ആഇശയുടെ നിലപാട്.

നാം നിലപാടുകളുടെ പേരിൽ ദീനിൽ നിന്ന് ആളുകളെ അകറ്റാനുള്ള തെളിവുകളാണ് പലപ്പോഴും തേടുന്നത് എന്നു വരുമ്പോഴാണ് ഈ സമീപനങ്ങളുടെ പ്രസക്തി കൂടുന്നത്. ശിയാക്കളെ എങ്ങനെയെങ്കിലും ഇസ്ലാമിന്റെ വൃത്തത്തിൽ നിന്ന് പുറത്താക്കുന്നതിന് തെളിവ് അന്വേഷിക്കുകയും അവരുടെ ഖുർആൻ പോലും വേറെയാണെന്ന് ഗവേഷണം നടത്തി കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്ന കക്ഷിത്വസമീപനങ്ങൾ എന്തുമാത്രം വികൃതം! ഭിന്ന പാഠങ്ങളും സ്വരങ്ങളും അംഗീകരിച്ച് എല്ലാവരെയും ഇസ്ലാമിന്റെ വിശാല വൃത്തപരിധിയിൽ ഉൾക്കൊള്ളാനുള്ള സ്വഹാബികളുടെ സമീപനങ്ങൾ എത്ര സുന്ദരം!! (*ഫത്ഹുൽ ബാരി* വാള്യം ഒമ്പത്, പേജ് 39, 40 ൽ ആഇശയുടെ മറുപടിയും വിശകലനങ്ങളും വായിക്കാവുന്നതാണ്).

ബഹുസ്വരങ്ങൾ സഹിഷ്ണുതാപൂർവം കേൾക്കാനുള്ള പരിശീലനം മുസ്ലിംകൾക്ക് ലഭിക്കലാണ് പ്രധാനം. ഖുനൂത് ഓതുന്ന ശാഫിഈയും ഓതാത്ത ഹനഫിയും മുസ്ലിമാണ്. ഹനഫിയെ ബഹുമാനിച്ച് ശാഫിഈ ഖുനൂത്ത് ഓതാതിരിക്കുന്നതും ഇസ്ലാമാണ്. ഭിന്ന വീക്ഷാഗതിക്കാർക്ക് മസ്ജിദുൽ ഹറാം ഒരിടമായതുപോലെ ഏത് ഫിഖ്ഹ് വീക്ഷണക്കാർക്കും എല്ലാ പള്ളിയും സ്വന്തം പള്ളിയായി സ്വീകരിക്കാൻ കഴിയുന്ന അന്തരീക്ഷം നാം ബോധപൂർവം പാകപ്പെടുത്തിയെടുക്കണം. ഒരേ മിഹ്റാബിൽ ബിസ്മി ഉറക്കെ ഓതുന്നവനും മെല്ലെ ഓതുന്നവനും നമസ്കരിക്കുന്ന അന്തരീക്ഷം രൂപംകൊള്ളേണ്ടതുണ്ട്.

ഒറ്റക്ക് പ്രാർഥിക്കുന്ന ഇമാമിനെയും കൂട്ടുപ്രാർഥനക്ക് നേതൃത്വം കൊടുക്കുന്ന ഇമാമിനെയും ഇസ്ലാമിന്റെ ഇമാമായി കാണാൻ കഴിയണം. ജമുഅക്ക് ഒരു ബാങ്കും രണ്ടു ബാങ്കും ഇസ്ലാമിന്റെ ബാങ്ക് തന്നെയാണ്. തറാവീഹിൽ 11ഉം 23ഉം ഇസ്ലാമിന്റെ എണ്ണം തന്നെയാണ്. ഒരു ദിവസം 11 നമസ്കരിച്ചവൻ അടുത്ത ദിവസം 23 നമസ്കരിച്ചാൽ രണ്ടുനാളിലും അവൻ അല്ലാഹുവിനാണ് ഇബാദത്തെടുത്തത്. റസൂലിനെയാണ് അനുസരിച്ചത്.

അല്ലാമാ ശൈഖ് മർഇ അൽ ഹമ്പലി പറയുന്നു: "ഈ സമുദായത്തിൽ വിവിധ മദ്ഹബുകൾ ഉണ്ടെന്നത് ഒരു വലിയ ദൈവാനുഗ്രഹവും ശ്രേഷ്ഠതയുമാണ്. അതിന്റെ പിന്നിലെ രഹസ്യം വിവരമുള്ളവർക്ക് മനസ്സിലാക്കാനാവും. വിഡ്ഢികൾക്ക് മനസ്സിലാക്കാനാവില്ല. അഭിപ്രായാന്തരങ്ങൾ ഈ സമുദായത്തിന്റെ സവിശേഷസിദ്ധിയാണ്. അതുവഴി ശരീഅത്തിന് വിശാലത ലഭിച്ചിരിക്കുന്നു" (*ഉംദതുത്തഹ്ഖീഖ്* പേജ് 37).

ഇമാം അഹ്മദിനോട് ഒരാൾ ചോദിച്ചു: "മൂക്കിൽ നിന്ന് ധാരാളം രക്തമൊലിച്ചാൽ വുദൂ മുറിയും എന്ന നിലപാടുള്ള താങ്കളെന്താണ്, അങ്ങനെ രക്തം

പോയിട്ടും വുദൂ പുതുക്കാത്ത ആളെ തുടർന്നു നമസ്കരിക്കുന്നത്?" ഇമാം അഹ്മദിന്റെ മറുപടി: "മാലികിന്റെയും സഈദ്ബ്നു മുസയ്യിബിന്റെയും പിന്നിൽ ഞാനെങ്ങനെ നമസ്കരിക്കാതിരിക്കും?"

വുദൂ മുറിയും എന്ന സ്വന്തം നിലപാടും മുറിയില്ലെന്ന 'മാലികി' നിലപാടും ഒരേസമയം ദീനുൽ ഇസ്‌ലാമിന്റെ വൈവിധ്യമായി ഗ്രഹിക്കാനും അനുഷ്ഠിക്കാനും വിശാലത കാണിച്ച ഇമാമുകളിൽ നിന്ന് അകന്നുപോയതാണ്, ഭിന്നാഭിപ്രായം അകൽച്ചയുടെ ഹേതുവാകാൻ പിൽക്കാല മുസ്‌ലിംകളെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇരു പെരുന്നാളിനും തക്ബീർ ചൊല്ലണമെന്ന് അബൂയൂസുഫിനും മുഹമ്മദിനും അഭിപ്രായമില്ലാതിരിക്കെ തന്നെ അവർ ചൊല്ലാറുണ്ടായിരുന്നു. അതിന് കാരണമായി അവർ പറഞ്ഞത് 'ഖലീഫ ഹാറൂൻ റശീദിന് അത് ഇഷ്ടമാണ്' എന്നായിരുന്നു. അനുയായികളുടെ മേൽ തന്നിഷ്ട ഫിഖ്ഹ് നടപ്പിലാക്കി പ്രയാസങ്ങൾ സൃഷ്ടിക്കുന്ന പുതിയകാല മുഖല്ലിദുകളേക്കാൾ എത്ര വിശാല ഹൃദയരാണ് മുജ്തഹിദുകളായ മഹാപണ്ഡിതന്മാർ.

ഇമാം ശാഫിഈയുടെ അഭിപ്രായം സുബ്ഹ് നമസ്കാരത്തിൽ ഖുനൂത് ഓതണമെന്നാണ്. ഇമാം അബൂഹനീഫയുടെ അഭിപ്രായം സുബ്ഹിക്ക് ഖുനൂത് ഓതേണ്ടതില്ലെന്നാണ്. ഒരുനാൾ ഇമാം അബൂഹനീഫയുടെ മഖ്ബറ സ്ഥിതിചെയ്യുന്ന നാട്ടിൽ വന്ന ഇമാം ശാഫിഈ ഖുനൂത് ഓതാതെ സുബ്ഹ് നമസ്കരിച്ചു. ഇതിനെക്കുറിച്ച് അനുയായികൾ അന്വേഷിച്ചപ്പോൾ ഇമാം ശാഫിഈയുടെ മറുപടി ഇപ്രകാരമായിരുന്നു: "ചിലപ്പോൾ നാം ഇറാഖികളുടെ മദ്ഹബിലേക്ക് ഇറങ്ങിവരും." ഈ ഇറങ്ങിവരലാണ് പ്രധാനം. അപ്പോഴേ ബഹുസ്വരതയെ സംഗീതമായി ആസ്വദിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഭിന്ന നിലപാടുകൾ ഭിന്ന ഇസ്‌ലാമല്ലെന്നും ഒരേ ഇസ്‌ലാമിലെ നിറവൈവിധ്യമുള്ള പൂക്കളാണെന്നും നാം മനസ്സിലാക്കുകയുള്ളൂ. എല്ലാ പൂക്കളുടെയും സുഗന്ധം ആസ്വദിക്കാൻ ഇമാമുകൾക്ക് കഴിഞ്ഞതാണ് അവരുടെ മഹത്വം. അത് മനസ്സിലാക്കാൻ അനുയായികൾക്ക് കഴിയാത്തത് സമുദായത്തിന്റെ ശാപവും. മുസ്‌ലിം ബഹുസ്വരത ഉറപ്പുവരുത്താൻ നാം ഇമാമുകളിലേക്ക് മടങ്ങേണ്ടിയിരിക്കുന്നു.

ഇമാം അബൂയൂസുഫ് ഒരു വെള്ളിയാഴ്ച ജുമുഅക്ക് നേതൃത്വം നൽകിയ ശേഷം, ജനമെല്ലാം പിരിഞ്ഞുപോയതിനെ തുടർന്ന് ഇമാം കുളിച്ച വെള്ളത്തിൽ

**ഒരുനാൾ ഇമാം അബൂഹനീഫയുടെ മഖ്ബറ സ്ഥിതിചെയ്യുന്ന നാട്ടിൽ വന്ന ഇമാം ശാഫിഈ ഖുനൂത് ഓതാതെ സുബ്ഹ് നമസ്കരിച്ചു. ഇതിനെക്കുറിച്ച് അനുയായികൾ അന്വേഷിച്ചപ്പോൾ ഇമാം ശാഫിഈയുടെ മറുപടി ഇപ്രകാരമായിരുന്നു: "ചിലപ്പോൾ നാം ഇറാഖികളുടെ മദ്ഹബിലേക്ക് ഇറങ്ങിവരും." ഈ ഇറങ്ങിവരലാണ് പ്രധാനം. അപ്പോഴേ ബഹുസ്വരതയെ സംഗീതമായി ആസ്വദിക്കാൻ നമുക്ക് കഴിയുകയുള്ളൂ. ഭിന്ന നിലപാടുകൾ ഭിന്ന ഇസ്‌ലാമല്ലെന്നും ഒരേ ഇസ്‌ലാമിലെ നിറവൈവിധ്യമുള്ള പൂക്കളാണെന്നും നാം മനസ്സിലാക്കുകയുള്ളൂ.**

ചത്ത എലിയുള്ളതായി വിവരം കിട്ടി. അദ്ദേഹത്തിന്റെ മദ്ഹബ് പ്രകാരം 'നജസ്'വെള്ളത്തിൽ കുളിച്ചിട്ടാണ് ഖുത്വ്ബയും നമസ്കാരവും നിർവഹിച്ചിരിക്കുന്നത്. ഗുരുതരമായ ഈ പ്രശ്നം വളരെ സുന്ദരമായി അദ്ദേഹം പരിഹരിച്ചത് താഴെ പറയുന്ന പ്രസ്താവനയിലൂടെയാണ്: "എങ്കിൽ, വെള്ളം രണ്ട് ഖുല്ലത്തുണ്ടെങ്കിൽ നജസാവുകയില്ലെന്ന മദീനക്കാരായ നമ്മുടെ സഹോദരങ്ങളുടെ അഭിപ്രായം നാമിപ്പോൾ സ്വീകരിക്കുകയാണ്" (*ഹുജ്ജത്തുല്ലാഹിൽ ബാലിഗ:* വാള്യം ഒന്ന് പേജ് 158-160). എത്ര സുന്ദരമായ പരിഹാരം! എന്ത് വിശാലമായ നിലപാട്!! ഫിഖ്ഹിന്റെ സങ്കീർണമായ നിയമങ്ങളിൽ കുരുക്കി സമുദായത്തിന് ഭിന്ന ചേരിയൊരുക്കുന്ന സമുദായനേതൃത്വം ഇമാമുകളുടെ ഹൃദയ വിശാലതയിലേക്കുയരാൻ ഇനിയും എത്ര കാത്തിരിക്കേണ്ടിവരും.

ഭിന്നാഭിപ്രായങ്ങളെ സുന്നത്തും ബിദ്അത്തുമാക്കി ചിത്രീകരിക്കുന്ന കേരളീയശൈലി ബഹുസ്വര ജീവിതത്തിന്റെ കണ്ഠകോടാലിയാണ്. ഒരു വിഭാഗം മുസ്‌ലിംകളെ മുബ്തദിഉകളായി കാണുന്ന സമീപനം തിരുത്തി വിശാലമായ 'അൽജമാഅത്തിലെ' വിവിധ ജമാഅത്തുകളായി, ദീനിന്റെ ഭിന്നമുഖ ആവിഷ്കാരങ്ങളായി സംഘടനകളെ കാണാൻ കഴിയണം.

ഒറ്റക്ക് ദിക്ർ ചൊല്ലാൻ ഇഷ്ടപ്പെടുന്നവർ അങ്ങനെ ചൊല്ലട്ടെ. പക്ഷേ, കൂട്ട ദിക്റുകളെയും കൂട്ടായ പ്രാർഥനകളെയും ദീനിന്റെ മറ്റൊരാവിഷ്കാരമായി നോക്കിക്കാണാൻ അവൻ പഠിക്കണം. റബീഉൽ അവ്വലിന് ഒരു പ്രത്യേകതയും ഇല്ലെന്ന സലഫീവീക്ഷണം ഒരാൾക്കാവാം. അതേസമയം അതിന്റെ ചരിത്രപ്രാധാന്യം ഉയർത്തിപ്പിടിക്കുന്നവർ അവമതിക്കപ്പെടാതിരിക്കട്ടെ. പ്രവാചകസ്നേഹത്തിന്റെ ബഹുവിധ ആവിഷ്കാരങ്ങളിൽ ഒന്നായി നബിദിനാഘോഷത്തെ നോക്കിക്കാണാൻ സലഫീ വീക്ഷണക്കാർക്കും കഴിയുമ്പോഴേ ബഹുസ്വരത സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

ഇസ്‌ലാമിന്റെ സാമൂഹികതയിൽ കൂടുതൽ തൽപരരായവർ സാമൂഹിക ഇസ്‌ലാം ആവിഷ്കരിക്കട്ടെ. ആത്മീയ ഭാവത്തിൽ കൂടുതൽ താൽപര്യം ജനിച്ചവർ 'തസവ്വുഫ്' വികസിപ്പിക്കട്ടെ. ഫിഖ്ഹിലും അനുഷ്ഠാനത്തിലും കൂടുതൽ ശ്രദ്ധിക്കുന്നവർ അതിന് മുൻഗണന നൽകട്ടെ. സാംസ്കാരിക ഇസ്‌ലാം മറ്റൊരു സംഘത്താൽ ആവിഷ്കരിക്കപ്പെടട്ടെ. എല്ലാം പരസ്പരം ശക്തിപ്പെടുത്തി വിവിധ ജമാഅത്തുകളാൽ പൂർണത നേടുന്ന ഒരു 'അൽജമാഅത്ത്' എന്ന കാഴ്ചപ്പാടിലേക്ക് നമുക്ക് വരാവുന്നതേയുള്ളൂ. ■